ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 14.03.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1). പാകിസ്ഥാൻ ട്രെയിൻ റാഞ്ചലിൽ ഇന്ത്യയ്ക്ക് പങ്കുണ്ടെന്ന ആരോപണങ്ങൾ അടിസ്ഥാനരഹിതമെന്ന് വിദേശകാര്യ മന്ത്രാലയം.

India has termed the allegations made by Pakistan that India was involved in its train hijacking as baseless.

2) സാമ്പത്തിക സർവേ റിപ്പോർട്ടിൽ രൂപയുടെ ഔദ്യോഗിക ചിഹ്നം ഒഴിവാക്കിയതിൽ തമിഴ്നാട് സർക്കാരിനെ വിമർശിച്ച് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ.

Union Finance minister Nirmala Sitharaman has criticised the DMK Government in Tamilnadu for replacing the original rupees symbol with a Tamil 'Ru' in the Economic Survey booklet.

3) വിനോദ വ്യവസായ മേഖലയെ വളർത്തിയെടുക്കുന്നതിനുള്ള നിർണായക വേദിയായി വേവ്സ് ഉച്ചകോടി മാറുമെന്ന് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ.

WAVES-2025 Summit will serve as a pivotal platform for fostering discussions, collaboration, and innovation for the Media and Entertainment industry, says External Affairs Minister S Jaishankar.

4) മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിച്ച് മാത്രമേ സംസ്ഥാനത്ത് കടൽ മണൽ ഖനനം നടപ്പാക്കൂ എന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.

Sea sand mining will be started in Kerala coast only after addressing the concerns of fishermen community, says MoS George Kurian.

5) ഹോളി ആഘോഷ നിറവിൽ രാജ്യം. ആശംസകൾ നേർന്ന് രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ.

Festival of colours Holi being celebrated across the country today with traditional enthusiasm.

6) വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ നാളെ മുംബൈ ഇന്ത്യൻസ്- ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

**In Women's Premier League Cricket, Mumbai Indians To clash with Delhi Capitals in final tomorrow.**

============================================================

**MEA- PAK TRAIN**

പാകിസ്ഥാനിൽ നടന്ന ട്രെയിൻ റാഞ്ചലിൽ ഇന്ത്യയ്ക്ക് പങ്കുണ്ടെന്ന പാക് ആരോപണങ്ങൾ അടിസ്ഥാനരഹിതമെന്ന് വിദേശകാര്യ മന്ത്രാലയം. ആരോപണങ്ങൾ ഇന്ത്യ തള്ളുന്നതായി വിദേശകാര്യവക്താവ് രൺധീർ ജെയ്സ്വാൾ വ്യക്തമാക്കി. ആഭ്യന്തര പ്രശ്നങ്ങളുടെയും പരാജയങ്ങളുടെയും ഉത്തരവാദിത്തം മറ്റുള്ളവരിൽ ആരോപിക്കാതെ പാകിസ്ഥാൻ ആത്മപരിശോധന നടത്തണം. ആഗോള ഭീകരവാദത്തിൻറെ ഉറവിടം എവിടെയാണെന്ന് സുവ്യക്തമാണെന്നും അദ്ദേഹം പറഞ്ഞു.

============================================================

**NIRMALA-RUPEE SYMBOL**

തമിഴ്നാടിൻറെ സാമ്പത്തിക സർവേ റിപ്പോർട്ടിൽ രൂപയുടെ ദേശീയചിഹ്നം മാറ്റിയതിൽ ഡിഎംകെ സർക്കാരിനെ വിമർശിച്ച് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ചിഹ്നത്തോട് തമിഴ്നാട് സർക്കാർ അനാദരവ് കാട്ടിയതായി ധനമന്ത്രി വിമർശിച്ചു. ഡിഎംകെ കൂടി ഭാഗമായ യുപിഎ സർക്കാരാണ് ചിഹ്നം അംഗീകരിച്ചതെന്നും, പരസ്പരവിരുദ്ധമായ നിലപാടാണിതെന്നും കേന്ദ്രമന്ത്രി പറഞ്ഞു. രൂപയുടെ ഔദ്യോഗിക ചിഹ്നത്തിന് പകരം രു എന്ന തമിഴ് അക്ഷരമാണ് തമിഴ്നാട് സർക്കാർ ഉപയോഗിച്ചത്.

============================================================

## WAVES-ASHWINI-JAISHANKAR - (INTRO)

വേവ്സ് -2025 ഉച്ചകോടിയുടെ ഭാഗമായി ക്രിയേറ്റേഴ്സ് എക്കോണമിക്കായി നൂറുകോടി രൂപ ചെലവഴിക്കുമെന്ന് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. കേന്ദ്രസർക്കാർ മെയ് 1 മുതൽ 4 വരെ മുംബൈയിൽ സംഘടിപ്പിക്കുന്ന ലോക ദൃശ്യ, ശ്രവ്യ വിനോദ ഉച്ചകോടിയുമായി ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ നടന്ന പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തെ ആദ്യ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിയേറ്റീവ് ടെക്നോളജി മുംബൈയിലെ ഫിലിം സിറ്റിക്ക് സമീപം ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. പുതുയുഗ സ്രഷ്ടാക്കളുടെ സർഗശേഷിയെ ശക്തിപ്പെടുത്തുവാനും ഉയർന്ന മൂല്യമുള്ള ഉള്ളടക്കം സൃഷ്ടിക്കുവാനുമുള്ള മികച്ച അവസരമാകും WAVES ഉച്ചകോടിയെന്നും അദ്ദേഹം പറഞ്ഞു. വിനോദ വ്യവസായ മേഖലയെ വളർത്തിയെടുക്കുന്ന തിനുള്ള ഒരു നിർണായക വേദിയായി WAVES മാറുമെന്ന് ചടങ്ങിൽ സംസാരിച്ച വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ പറഞ്ഞു. വ്യവസായ പ്രമുഖരെയും നൂതനാശയ സ്രഷ്ടാക്കളെയും ഒരുമിച്ച് അണിനിരത്താൻ ഉച്ചകോടി വേദിയാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

**(HOLD FOR BYTE.....)**

വേവ്സ് ഉച്ചകോടിയെക്കുറിച്ച് അന്താരാഷ്ട്ര സമൂഹത്തിന് അറിവ് പകരുന്നതിനായി വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയം സംഘടിപ്പിച്ച പരിപാടിയിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള നൂറിലേറെ നയതന്ത്ര പ്രതിനിധികൾ പങ്കെടുത്തു.

===========================================================

**GEORGE KURIAN – KOZHIKODE**

മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിച്ച് മാത്രമേ സംസ്ഥാനത്ത് കടൽ മണൽ ഖനനം നടപ്പാക്കൂ എന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. വിഷയത്തിൽ മത്സ്യ തൊഴിലാളികളുമായി ചർച്ച നടത്തുമെന്നും അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. വികസനം മനുഷ്യരാശിയുടെ ആവശ്യമാണെന്നും ഇന്ത്യയെ വികസിത രാഷ്ട്രമാക്കാനാണ് പ്രധാനമന്ത്രി ലക്ഷ്യമിടുന്നതെന്നും ശ്രീ ജോർജ് കുര്യൻ പറഞ്ഞു. വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും കേരളം മുന്നിലാണെന്നും കോഴിക്കോട് കോർപ്പറേഷനിലെ ചേവരമ്പലം ഹെൽത്ത് ആന്റ് വെൽനസ് സെൻററിൻറെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

=================================================

**K RADHAKRISHNAN**

കരുവന്നൂർ കള്ളപ്പണ ഇടപാട് കേസിൽ ചോദ്യം ചെയ്യലിന് ഹാജരാകാൻ ആവശ്യപ്പെട്ടുള്ള എൻഫോഴ്സ്മെൻറെ ഡയറക്ടറേറ്റിൻറെ നോട്ടീസിന് മറുപടി നല്കിയതായി കെ.രാധാകൃഷ്ണൻ എം.പി. പാർലമെൻറ് സമ്മേളനം നടക്കുന്നതിനാൽ ഹാജരാകാൻ സാധിക്കില്ലെന്നും അതിന് ശേഷം ഹാജരായി തെളിവുകൾ നല്കാമെന്നും മറുപടി കത്തിൽ പറഞ്ഞിട്ടുള്ളതായും എം.പി തൃശൂരിൽ പറഞ്ഞു.

=================================================

**HOLI**

ഹോളി ആഘോഷ നിറവിൽ നാടും നഗരവും. വസന്തത്തിൻറെ വരവറിയിക്കുന്ന, വർണങ്ങളുടെ ഉത്സവമായ ഹോളി, തിന്മയുടെ മേൽ നന്മ നേടിയ വിജയത്തിൻറെ പ്രതീകമായാണ് കൊണ്ടാടപ്പെടുന്നത്. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയ പ്രമുഖർ ജനങ്ങൾക്ക് ഹോളി ആശംസകൾ നേർന്നു. ജനങ്ങളെ ഒത്തൊരുമിപ്പിക്കുന്ന തുല്യതയുടെയും

സാഹോദര്യത്തിൻറെയും ആഘോഷമാണ് ഹോളിയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ആശംസാ സന്ദേശത്തിൽ പറഞ്ഞു. സഹാനുഭൂതിയുടെയും, കരുണയുടെയും നിറങ്ങൾ മനസ്സിൽ നിറയ്ക്കുന്ന ഹോളി, പുതിയ തുടക്കങ്ങൾക്ക് പ്രചോദനമേകട്ടേ യെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ ആശംസിച്ചു. എല്ലാവരുടെയും ജീവിതത്തിൽ സന്തോഷവും, ഉത്സാഹവും നിറയ്ക്കുന്ന ഹോളി, ഐക്യത്തിൻറെ വർണങ്ങൾക്ക് കരുത്തു പകരുമെന്ന് പ്രധാനമന്ത്രി ആശംസാ സന്ദേശത്തിൽ പറഞ്ഞു. ഹോളി ആഘോഷത്തോടനുബന്ധിച്ച് ഡൽഹി ഉൾപ്പെടെയുള്ള നഗരങ്ങളിൽ സുരക്ഷാ ക്രമീകരണം ശക്തിപ്പെടുത്തിയിട്ടുണ്ട്.

==========================================================

**ബ്രേക്ക്......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

==========================================================

## SABARIMALA – (INTRO)

മീനമാസ പൂജയ്ക്കായി ശബരിമല ക്ഷേത്രനട ഇന്ന് വൈകുന്നേരം അഞ്ചിന് തുറക്കും. ഇന്ന് പൂജകളൊന്നും ഉണ്ടാവില്ല. മീനം ഒന്നായ നാളെ രാവിലെ അഞ്ചിനാണ് നട തുറക്കുക. സന്നിധാനത്തെ മേൽപ്പാലം ഒഴിവാക്കിയുള്ള പുതിയ ദർശന രീതി ഇന്നുമുതൽ പരീക്ഷണാടിസ്ഥാന ത്തിൽ നടപ്പാക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.**

(VOICE............)

==========================================================

## THRISSUR POORAM

തൃശൂർ പൂരം മെയ് ആറിന് നടക്കുമെന്ന് മന്ത്രി വി എൻ വാസവൻ. മെയ് നാലിനാണ് സാമ്പിൾ വെടിക്കെട്ട്. വെടിക്കെട്ട് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ കൃത്യമായി ഉറപ്പാക്കുമെന്നും മന്ത്രി അവലോകന യോഗത്തിനു ശേഷം വാർത്താസമ്മേളത്തിൽ പറഞ്ഞു. മന്ത്രിമാരായ കെ രാജൻ, ആർ ബിന്ദു, സുരേഷ് ഗോപി ജില്ലാ കളക്ടർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ, ഭാരവാഹികൾ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു. വെടിക്കെട്ടിനെ സംബന്ധിച്ചുള്ള കേന്ദ്ര നിയമങ്ങളിലുൾപ്പെടെ ചർച്ച നടത്താൻ ഉടൻ മറ്റൊരു യോഗം വിളിച്ചുചേർക്കുമെന്നും മന്ത്രി അറിയിച്ചു.

==========================================================

## IDUKKI -(INTRO)

കേരളത്തിലെ വിവിധയിടങ്ങളിൽ അൾട്രാവയലറ്റ് സൂചികയിൽ ഉയർന്ന തോത് രേഖപ്പെടുത്തുന്ന സാഹചര്യത്തിൽ ജനങ്ങൾ അതീവ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിറ്റി. പാലക്കാട്, ഇടുക്കി, മലപ്പുറം ജില്ലകളിലാണ് ഇന്ന് ഏറ്റവും ഉയർന്ന U.V സൂചിക രേഖപ്പെടുത്തിയിരിക്കുന്നത്.

<u>വിശദാംശങ്ങളുമായി ആകാശവാണി</u>
<u>ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...</u>
<u>(വോയിസ്.................)</u>

==========================================================

## EARTHQUAKE -LADAKH

കാർഗിലിൽ ഭൂചലനം. റിക്ടർ സ്കെയിലിൽ 5.2 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഇന്ന് പുലർച്ചെയാണ് ഉണ്ടായത്. നാശനഷ്ടങ്ങളോ ആളപായമോ റിപ്പോർട്ട് ചെയ്തിട്ടില്ല. ജമ്മു കശ്മീരിലും ഭൂചലനം അനുഭവപ്പെട്ടു.

==========================================================

## RANYA RAO

കന്നട നടി റന്യ റാവു ഉൾപ്പെട്ട സ്വർണക്കടത്ത് കേസിൽ അന്വേഷണം ആരംഭിച്ച് എൻഫോഴ്സ് മെൻറ് ഡയറക്ടറേറ്റ്. ബംഗളുരുവിൽ ഉൾപ്പെടെ എട്ടിടങ്ങളിൽ ഇ.ഡി റെയ്ഡ് നടത്തി.

==========================================================

## NAXALS SURRENDER

ഛത്തീസ്ഗഡിലെ ബിജാപൂർ ജില്ലയിൽ17 നക്സലൈറ്റുകൾ കീഴടങ്ങി. ഇതിൽ ഒൻപത് പേരുടെ തലയ്ക്ക് 24 ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു.

==========================================================

## WOMENS PREMIER LEAGUE – CRICKET

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, ഇന്നലെ നടന്ന എലിമിനേറ്റർ മത്സരത്തിൽ മുംബൈ ഇന്ത്യൻസ്, ഗുജറാത്ത് ജയന്റ്സിനെ 47 റൺസിന് പരാജയപ്പെടുത്തി, ഫൈനൽ പ്രവേശനം നേടി.

മുംബൈ ഉയർത്തിയ 213 റൺസിൻറെ വിജയലക്ഷ്യവുമായി ബാറ്റിങ്ങിനിറങ്ങിയ ഗുജറാത്ത് 166 റൺസിന് പുറത്താവുകയായിരുന്നു. നാളെ നടക്കുന്ന ഫൈനലിൽ മുംബൈ, ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

==========================================================

## PUTIN –UKRAINE CEASEFIRE

റഷ്യ - യുക്രൈൻ വിഷയത്തിലെ നിരന്തര ഇടപെടലിന് പ്രധാനമന്ത്രി നരേന്ദ്രമോദിയുൾപ്പെടെയുള്ള ലോക നേതാക്കൾക്ക് നന്ദി അറിയിച്ച് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ. ബെലാറസ് പ്രസിഡൻറ് അലക്സാണ്ടർ ലുകാഷെങ്കോയുമായുള്ള സംയുക്ത പത്രസമ്മേളനത്തിലാണ് പുടിൻ സമാധാനം പുനഃസ്ഥാപിക്കാനുള്ള ലോകനേതാക്കളുടെ ശ്രമങ്ങളെ പ്രശംസിച്ചത്. റഷ്യ- യുക്രെൻ സംഘർഷത്തിൽ ഇന്ത്യയുടേത് നിഷ്പക്ഷ നിലപാടല്ലെന്നും, ഇന്ത്യ സമാധാനത്തോ

ടൊപ്പമാണെന്നും യു. എസ് പ്രസിഡൻറുമായുള്ള കൂടിക്കാഴ്ചയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കിയിരുന്നു. അമേരിക്ക മുന്നോട്ട് വച്ച 30 ദിവസത്തെ വെടിനിർത്തൽ കരാർ യുക്രൈൻ കഴിഞ്ഞ ദിവസം അംഗീകരിച്ചിരുന്നു. വ്ലാഡിമിർ പുടിൻ വെടിനിർത്തലിന് പിന്തുണ അറിയിച്ചെങ്കിലും, ചില കാര്യങ്ങളിൽ കൂടുതൽ വ്യക്തത വരണമെന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്.

=======================================================

**UNSC-SYRIA**

സിറിയയിൽ നടക്കുന്ന വ്യാപക അക്രമങ്ങളെ അപലപിക്കുകയും വംശമതഭേദമന്യേ സിറിയൻ ജനതയ്ക്ക് സംരക്ഷണമൊരുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്ന സംയുക്ത പ്രസ്താവനയ്ക്ക് ഐക്യരാഷ്ട്ര രക്ഷാ സമിതി അംഗീകാരം നൽകി. റഷ്യയും യുഎസും ചേർന്ന് തയ്യാറാക്കിയ പ്രസ്താവന ഇന്ന് നടക്കുന്ന രക്ഷാ സമിതി സമ്മേളനം ഔദ്യോഗികമായി അംഗീകരിക്കും. സിറിയയിൽ ഇടക്കാല സർക്കാർ അധികാരത്തിൽ വന്നതിന് പിന്നാലെയുണ്ടായ അക്രമ സംഭവങ്ങളിൽ 1,400-ഓളം പേർ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ട്.

=========================

=====================================

=======================================================